**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2134** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലോകായുക്തയിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള ലോകായുക്തയിലെ രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, പി.ആർ.ഒ എന്നീ തസ്തികകൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ലോക് ആയുക്തയിലെ രജിസ്ട്രാറുടെ തസ്തിക 01.01.2024 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. ഡെപ്യൂട്ടി രജിസ്റ്റാറുടെ തസ്തികയിൽ ഒഴിവില്ല. പി.ആർ.ഒ എന്ന തസ്തിക കേരള ലോക് ആയുക്തയിൽ ഇല്ല. |
| (ബി) | പ്രസ്തുത തസ്തികളിൽ നിലവിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ നിയമനങ്ങൾ ചട്ടം പാലിച്ചാണോ നടത്തിയിട്ടുള്ളത്; | (ബി) | കേരള ലോക് ആയുക്തയിൽ രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നീ തസ്തികകളിൽ ജുഡീഷ്യൽ ഓഫീസർമാരെയാണ് ഡെപ്യൂട്ടേഷനിൽ നിയമിച്ചു വന്നിരുന്നത്. പ്രസ്തുത തസ്തികകളിൽ ജുഡീഷ്യൽ ഓഫീസർമാരെ വിട്ടു നൽകാൻ കഴിയില്ല എന്ന് ബഹു. ഹൈക്കോടതി അറിയിച്ചതിനെ തുടർന്ന് ലോകായുക്ത നിലവിലെ കോർട്ട് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ഒന്നാമനായ ശ്രീ. സക്കറിയ മാത്യുവിന് ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. |
| (സി) | ലോകായുക്തയിലെ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകുമ്പോൾ ഡി.പി.സിയും, കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിശോധനയും ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ സ്ഥാനക്കയറ്റം നൽകുന്നത്; | (സി) | ലോക് ആയുക്ത സർവീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടില്ല. |
| (ഡി) | മേൽപ്പറഞ്ഞ മൂന്ന് തസ്തികളിലേക്ക് കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിഗണനയും ഡി.പി.സി.യും കഴിഞ്ഞതിനുശേഷമാണോ നിലവിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഡി) | ലോക് ആയുക്ത സർവീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ